**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3500** **26-06-2024 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ നടപടികളുടെ ലളിതവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ മാത്യു ടി. തോമസ് | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | രജിസ്ട്രേഷൻ പ്രക്രിയ കൂടുതൽ ലളിതമാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | ഡിജിറ്റൽ സാങ്കേതിക വിദ്യയിലൂടെ ആധാരം തയ്യാറാക്കുകയും ആധാരകക്ഷികളുടെ വിരൽപ്പതിപ്പും ഫോട്ടോയും ഡിജിറ്റലായി തന്നെ ആധാരത്തിന്റെ ഭാഗമാക്കിക്കൊണ്ട് ആധാര രജിസ്ട്രേഷൻ നടപടികൾ ലളിതവൽക്കരിക്കുന്നതിനും രജിസ്റ്റർ ചെയ്ത ആധാരം അന്നേ ദിവസം തന്നെ മടക്കി നല്കുന്നതിനുമുള്ള സൗകര്യം കൊണ്ടു വരുന്നതിന്റെ ഭാഗമായി രജിസ്ട്രേഷൻ നടപടികൾ ലഘൂകരിക്കുന്നതിനായി സർക്കാർ അനുമതി നല്കിയതിന്റെ അടിസ്ഥാനത്തിൽ ആധാരത്തിന്റെ പുറത്തെഴുത്തുകൾ കമ്പ്യൂട്ടർവൽക്കരിക്കുവാൻ തീരുമാനിക്കുകയും ഇതിന്റെ പരീക്ഷണ പരിപാടികൾ സംസ്ഥാനത്തെ 14 സബ് രജിസ്ട്രാർ ഓഫീസുകളിൽ 09/05/2023 -ൽ ആരംഭിക്കുകയും ചെയ്തിരുന്നു. സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്ന വിവിധ തരം ആധാരങ്ങളുടെ പുറത്തെഴുത്ത് മാതൃകകൾ ഏകീകരിക്കുന്നതിനായി 2023 ജൂലൈ 13 മുതൽ 15 വരെ ശില്പശാല നടത്തുകയും ആയതിൽ രൂപം നല്കിയ പുറത്തെഴുത്ത് മാതൃകകൾക്ക് ഡിജിറ്റൽ രൂപം നല്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു.ഈ സംവിധാനം സംസ്ഥാനതലത്തിൽ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 315 സബ് രജിസ്ട്രാർ ഓഫീസുകളിലും വെബ്ക്യാമറകൾ, ഡിജിറ്റൽ സിഗ്നേച്ചർ പാഡുകൾ, ബയോമെട്രിക് സ്കാനറുകൾ, കളർ ലേസർ പ്രിന്ററുകൾ എന്നിവ വിതരണം ചെയ്തു. ഈ ഉപകരണങ്ങളുടെ ഇൻസ്റ്റലേഷൻ ജോലികൾ പുരോഗമിക്കുന്നു. ഉപകരണങ്ങളുടെ ഇൻസ്റ്റലേഷനും ജീവനക്കാരുടെ പരിശീലന പരിപാടികളും പൂർത്തിയാകുന്ന മുറയ്ക്ക് ഘട്ടം ഘട്ടമായി ഈ സൗകര്യം സംസ്ഥാനതലത്തിൽ വ്യാപിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്. |

| | | | |
|---|---|---|---|
| (ബി) | രജിസ്ട്രേഷൻ വകുപ്പിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുന്നതിനും വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | രജിസ്ട്രേഷൻ വകുപ്പിൽ ഉണ്ടാകുന്ന ഒഴിവുകൾ സമയ ബന്ധിതമായി നികത്തുന്നതിനും ഒഴിവുകൾ പി. എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. ചിട്ടി ആർബിട്രേഷൻ, പ്രവാസി ചിട്ടി രജിസ്ട്രേഷൻ എന്നിവയുമായി ബന്ധപ്പെട്ട് സ്ഥിരം തസ്തികകൾ അധികമായി സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.<br><br>വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിനായി ഇപ്പോൾ തന്നെ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>1. ആധാര വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനുമുള്ള സംവിധാനം<br>2. ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാക്കിക്കൊണ്ട് പോക്ക് വരവ് നടപടികൾ കൂടുതൽ സുതാര്യമാക്കി<br>3. ഭൂമിയുടെ ന്യായവില പൊതുജനങ്ങൾക്ക് ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം<br>4. ആധാരങ്ങളുടെ സർട്ടിഫൈഡ് പകർപ്പ്, ലിസ്റ്റ് സർട്ടിഫിക്കറ്റ് എന്നിവയ്ക്കായി സബ് രജിസ്ട്രാർ ഓഫീസിലേക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം<br>5. ബാദ്ധ്യതാസർട്ടിഫിക്കറ്റുകൾക്കായി ഓഫീസിൽ ഹാജരാകാതെ ഓൺലൈനായി അപേക്ഷിക്കുന്നതിനും, ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ഫീസ് ഒടുക്കുന്നതിനും, അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം<br>6. സഹകരണ ബാങ്കുകളിൽ നിന്നുള്ള ലോണുകൾക്കായുള്ള ഗഹാൻ ആധാരങ്ങൾക്ക് പൂർണ്ണമായും ഓൺലൈൻ സൗകര്യം<br>7. KSFE-യുമായി ചേർന്നു കൊണ്ട് പ്രവാസി ചിട്ടികൾക്ക് പൂർണ്ണമായും ഓൺലൈൻ സൗകര്യം<br>8. സ്പെഷ്യൽ മാര്യേജ് രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം |

| | | | |
|---|---|---|---|
| | | | 9. സൊസൈറ്റി രജിസ്ട്രേഷനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും, ഓൺലൈനായി ഫീസ് ഒടുക്കുന്നതിനുമുള്ള സംവിധാനം<br>10. പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷനുവേണ്ടി ഓൺലൈനായി അപേക്ഷിക്കുന്നതിനും, രജിസ്ട്രേഷൻ ഫീസ് ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ഒടുക്കുന്നതിനും, ഓഫീസിൽ ഹാജരാകാതെ തന്നെ രജിസ്ട്രേഷൻ വിവരം ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം<br>11. ഒരു ജില്ലയ്ക്കകത്തുള്ള ഏതു സബ് രജിസ്ട്രാർ ഓഫീസിലും പൊതുജനങ്ങളുടെ സൗകര്യമനുസരിച്ച് ആധാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള ‘Anywhere Registration’ സംവിധാനം. |

സെക്ഷൻ ഓഫീസർ